പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1149 — 30.01.2018-ൽ മറുപടിക്ക്

## കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17 -ലെ ബഡ്ജറ്റിൽ കിഫ്ബി മുഖേന ചെയ്തു തീർക്കുവാൻ പ്രഖ്യാപിച്ച കൊണ്ടാഴി-കുത്താംമ്പുള്ളി പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഗായത്രിപ്പുഴയ്ക്ക് കുറുകെ കൊണ്ടാഴി - കുത്താംമ്പുള്ളി പാലത്തിന്റെ നിർമ്മാണത്തിന് KIIFB-ൽ G.O(Rt)No. 1496/2016/PWD തീയതി 31.10.2016 പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. ഒന്നാം ഘട്ടത്തിൽ ലാൻഡ് അക്വിസിഷനുവേണ്ടി കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയ്ക്ക് KIIFB-യുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് PRICE ID 2017/211 പ്രകാരം പരിശോധിച്ചു വരുകയാണ്. എസ്റ്റിമേറ്റ് ഉടൻതന്നെ അംഗീകാരത്തിനായി KIIFB-ൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി). ഡി .പി ആർ കിഫ്ബി അംഗീകരിച്ചു നൽകിയോ; എങ്കിൽ അതിനു വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി). DPR കിഫ്ബി അംഗീകരിച്ചു നൽകിയിട്ടില്ല. പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്യുന്നതിന് കിഫ്ബിയിൽ നിന്നും നിർദ്ദേശം കിട്ടിയതിനെത്തുടർന്ന് ഡിസൈൻ ചെയ്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉടനെതന്നെ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി). നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവർത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ 1.712 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, തൃശ്ശൂർ അപേക്ഷ നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ